DEMAND XV—JAILS.

The question that Government be granted a sum of Rs. 1,97,693 under Demand XV—Jails, was put and carried.

The motion was passed and the grant was made.

DEMAND XVI—POLICE.

Rajyasevapravina Khan Bahadur G. S. Abdul Karim Sahib Suhrawardy: Sir, I move that a sum of Rs. 11,84,581 be granted under Demand XVI—Police.

Mr. E. K. Kuriyppe: സർ, നാട്ടിൽ ഭക്ഷണസാധനങ്ങളുടെ കറവുകൊണ്ടു് ആളുകൾ വളരെ വിഷമിക്കുന്നു. ക്ലർക്കുവേലക്കാർക്കു് വസ്ത്രങ്ങൾപോലും വാങ്ങിക്കുന്നതിനു് നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നു. സാമാന്യജനങ്ങൾ പൊതുവെ വളരെ വിഷമിക്കുന്നുണ്ടു്. എന്നാൽ ചില കുട്ടിക്കൊട്ടത്തു് ഭക്ഷണസാധനങ്ങളും മറ്റും വാങ്ങി ശേഖരിച്ചു് സുഖമായിട്ടു് ഭക്ഷണം കഴിക്കുന്നവരും ധാരാളമുണ്ടു്. എന്നാൽ അതിന്റെ വീതം മറ്റുള്ളവർക്കു കിട്ടുന്നില്ല എന്നുള്ള പരാതി നാട്ടിന്റെ നാനാഭാഗത്തും മുഴങ്ങിക്കൊണ്ടിരിക്കുന്നു. അതുപോലെ ചില ആളുകൾ ധാരാളം മണ്ണെണ്ണ ഉപയോഗിക്കുന്നു. അതേ സമയത്തു് ചിലർക്കു് അല്പംപോലും കിട്ടുന്നുമില്ല. ചില ആളുകൾ ധാരാളമായി സൂക്ഷിച്ചു വയ്ക്കുകയും ചെയ്യുന്നുണ്ടു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വലിയ ഹർത്താളുകളും കലാപങ്ങളും ഉണ്ടാകാനിടയുണ്ടു്. ഈ സന്ദർഭത്തിൽ നീതിയും സമാധാനവും പാലിച്ചുകൊണ്ടുപോകാൻ പോലീസ് മേധാവികൾക്കു് വളരെയധികം പ്രയാസം ഉണ്ടാകുവുന്നതാണല്ലോ. എന്നാൽ ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തു് സമാധാനം പാലിച്ചു കാണുന്നതിൽ അതിന്റെ മേധാവിയെ വളരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഞാൻ ഡിപ്പാർട്ടുമെന്റിനെ അല്ല കൂടുതൽ അഭിനന്ദിക്കുന്നതു്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഡിമാന്റു വന്നപ്പോൾ ഞാൻ പ്രസംഗിച്ചതുപോലെ ഇവിടത്തെ ദിവാൻജി അവർകളെയാണു് അഭിനന്ദിക്കേണ്ടതു് എന്നാണു എനിക്കു പറയുവാനുള്ളതു്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുസരിച്ചു കൊണ്ടു മാത്രമാണു് ഇവിടെ ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷൻ നിർവഹിക്കുന്നതു കൊണ്ടുമാത്രമാണു് ഇവിടെ സമാധാനം പാലിക്കാൻ സാധിക്കുന്നതു്. മറ്റു പല രാജ്യങ്ങളിലും അതായതു് ഇൻഡ്യയുടെ നാനാഭാഗങ്ങളിലും മൻഷ്യർ അരിയും നെല്ലും മറ്റും സൂക്ഷിച്ചിരിക്കുന്ന വീടുകളിൽ പ്രവേശിച്ചു കൊള്ള ചെയ്തിട്ടുള്ളതായി നമുക്കു നല്ലതുപോലെ അറിയാം. എന്നാൽ ഇവിടെ അങ്ങനെയുള്ള സംഭവങ്ങളോ സമാധാനക്കേടോ കൂടാതെയാണു്. ഇതുവരെ കഴിഞ്ഞിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly